**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 417

27.06.2013ൽ
മറുപടിക്ക്

# നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നടപ്പിലാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് :<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ:<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.പി.കെ.ഗുരുദാസൻ : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(എ) സംസ്ഥാനത്ത് നദീതീര സംരക്ഷണവും നദികളിൽ നിന്നുള്ള മണൽ വാരൽ നിയന്ത്രണവും നടപ്പിലാക്കുന്നത് ഉദ്ദേശിച്ചാണ് 2001 -ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2002 -ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടവും നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത നിയമത്തിലെ ചില പോരായ്മകൾ പരിഹരിക്കുന്നതിനായി 2013 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമം നിലവിൽ വന്നിട്ടുണ്ട്. ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 31-05-13 വരെ സംസ്ഥാനത്ത് 2230 വാഹനങ്ങൾ, 27 ബോട്ടുകൾ എന്നിവ കസ്റ്റഡിയിലെടുക്കുകയും 36 വ്യക്തികൾക്കെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കടവ് കമ്മിറ്റികൾ, ജില്ലാതല വിദഗ്ദ്ധ സമിതികൾ, സംസ്ഥാന ഉന്നത തല കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(ബി) മണൽ സംഭരണവും വിതരണവും പൊതുമേഖലയിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ട്. ഇതിനായി KEMDEL, Kerala Land Governance Society, Kerala Housing Board എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ചുകൊണ്ട് 03-05-2013 ലെ ജി.ഒ.(എം.എസ്) നമ്പർ .183/13/റവ. നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സ്വാകര്യ വ്യക്തികൾക്ക് പ്രസ്തുത പ്രവൃത്തികൾക്ക് അവകാശം നൽകുന്നതാണ് വൻ മണൽ മാഫിയകൾ രൂപപ്പെടുന്നതിന് പ്രധാന കാരണമെന്നത് വിലയിരുത്തിയിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | മണൽ മാഫിയക്ക് വഴങ്ങാത്ത സത്യസന്ധരായ ഉദ്യോഗസ്ഥരുടെ ജീവനുപോലും ഭീഷണി ഉയർത്തുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ; | (ഡി) | സ്വീകരിക്കുന്നതാണ്. 2013 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമം 26 (എ) വകുപ്പ് പ്രകാരം ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ടി വ്യവസ്ഥ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുന്ന അനധികൃത മണലൂറ്റ് തടയുന്നതിന് കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | (ഇ) | അനധികൃത മണലൂറ്റും മണൽ കടത്തും തടയുന്നതിന് റവന്യു പോലീസ് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നതും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ